**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പുതുതായി രൂപീകരിച്ച നഗരസഭകളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ). 42/16/തസ്വഭവ തിരുവനന്തപുരം, തീയതി, 27.2.2016

---

പരാമർശം: 1. സ.ഉ.(കൈ)നം.210/2012/തസ്വഭവ തീയതി 13.09.2010.
2.30.04.2015 ലെ സ.ഉ.(അച്ചടി)നമ്പർ 152/2015/തസ്വഭവ നമ്പർ ഉത്തരവ്.
3.19.11.2015 ൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗ തീരുമാനം
4.30.11.2015 തീയതിയിലെ നഗരകാര്യഡയറക്ടറുടെ ഡിസി3-20425/15 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2015-ൽ പുതുതായി നഗരസഭകൾ രൂപീകൃതമായിട്ടുള്ള സാഹചര്യത്തിൽ പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിൽ വരുന്നതിനുവേണ്ടി പരാമർശം (3) പ്രകാരമുള്ള യോഗത്തിൽ തീരുമാനിക്കുകയുണ്ടായി എന്നും പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള അനുമതി നൽകണമെന്നും നഗരകാര്യഡയറക്ടർ പരാമർശം (4) മുഖേന ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി 01.01.2016 മുതൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.പി.എം.മുഹമ്മദ് ഹനീഷ്
സെക്രട്ടറി

To

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ